"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് 2021-22 സാമ്പത്തിക വർഷം പ്രോജക്റ്റ് നമ്പർ 23/22 പ്രകാരം നടപ്പിലാക്കിയ "ST വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ" എന്ന പദ്ധതിക്കായി 1,07,000 രൂപ (ഒരു ലക്ഷത്തി ഏഴായിരം രൂപ മാത്രം) ചെലവഴിച്ച നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(എഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1888/2025/LSGD തീയതി,തിരുവനന്തപുരം, 31-07-2025

---

പരാമർശം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07.06.2025 ലെ LSGD/PD/14671/2025-AM3 നമ്പർ കത്ത്

**ഉത്തരവ്**

ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ, സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്ത പ്രോജക്റ്റ് നം 23/22 പ്രകാരം നടപ്പിലാക്കിയ " S T വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ" എന്ന പദ്ധതിക്ക് 1,07,000 രൂപ (ഒരു ലക്ഷത്തി ഏഴായിരം രൂപ മാത്രം) ചെലവഴിച്ചിരുന്നു. പ്രസ്തുത തുക 2021-22 വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-17 പ്രകാരം തടസ്സപ്പെടുത്തിയിരുന്നു. പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്താത്തതും ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിലുൾപ്പെടാത്തതുമായ പദ്ധതിയ്ക്കായി ചെലവഴിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണെന്നും, ബ്ലോക്ക് പഞ്ചായത്തിന് നടപ്പിലാക്കാൻ അനുമതിയില്ലാത്ത പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി നടപ്പാക്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ലെന്നും പരാമർശിക്കപ്പെട്ടിട്ടുണ്ട്.

2.ബ്ലോക്ക് പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ്, ബ്ലോക്ക്തല ഗ്രാമ സഭ, വികസന സെമിനാർ എന്നിവയിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത പദ്ധതി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തതെന്നും, ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പട്ടികവർഗ വിഭാഗം ജനസംഖ്യയുള്ള തൊടിയൂർ, കുലശേഖരപുരം, ഓച്ചിറ ഗ്രാമപഞ്ചായത്തുകൾക്ക് പട്ടിക വർഗ്ഗ ഉപ പദ്ധതി ഇനത്തിൽ മതിയായ ഫണ്ട് ലഭ്യമല്ലാതിരുന്നതിനാലും കോവിഡാനന്തര പ്രതിസന്ധിയിൽ കൂടുതൽ ദുർബലമായ പട്ടികവർഗ്ഗ വിഭാഗത്തിന് തൊഴിലും തൊഴിലവസരങ്ങളും ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ അവരുടെ കുട്ടികളെ വിദ്യാഭ്യാസപരമായി സഹായിക്കുക എന്ന ഉദ്ദേശം കൂടി കണക്കിലെടുത്ത് പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മേശ, കസേര, അലമാര, സൈക്കിൾ എന്നിവ നൽകിയ ബ്ലോക്ക്

പഞ്ചായത്തിന്റെ നടപടി സാധൂകരിക്കുന്നതിനായി കൊല്ലം ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയും ശുപാർശ ചെയ്തിരുന്നു. അതിനാൽ പ്രസ്തുത നടപടി സാധൂകരിച്ച് നൽകണമെന്ന് പരാമർശ പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് 2021-22 സാമ്പത്തിക വർഷം പ്രോജക്റ്റ് നമ്പർ 23/22 പ്രകാരം നടപ്പിലാക്കിയ "ST വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ" എന്ന പദ്ധതിക്കായി 1,07,000 രൂപ (ഒരു ലക്ഷത്തി ഏഴായിരം രൂപ മാത്രം) ചെലവഴിച്ച നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി(എഎ2/37/2025/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Jayakrishnan. K
Date: 31-07-2025 15:18:19
സെക്ഷൻ ഓഫീസർ